STUDY MATE QUESTION BANK
HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

# First Terminal Evaluation-2024-'25

Time: 1½ Hrs

## കേരളപാഠാവലി

Std : 5 | Score :25

**നിർദ്ദേശങ്ങൾ:**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരം എഴുതാൻ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

**6 പ്രവർത്തനത്തിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.**

**പ്രവർത്തനം-1**

കേരളത്തിലെ ആദ്യത്തെ ജനകീയകവിയും തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമാണ്. നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത കവി. പാലക്കാട് ലക്കിടിക്കടുത്ത് കിള്ളിക്കുറിശ്ശിയിൽ ജനനം. നാൽപ്പതിലേറെ തുള്ളൽ കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. മെയ് 5 കുഞ്ചൻദിനമായി ആചരിക്കുന്നു. പ്രാചീനകവിത്രയത്തിലെ ഒരാൾ കൂടിയാണ് കുഞ്ചൻനമ്പ്യാർ.

a. ഇവിടെ ആരെക്കുറിച്ചാണ് പറയുന്നത്? [1]

b. ഈ കുറിപ്പിന് ശീർഷകം നൽകുക. [1]

c. ഇദ്ദേഹത്തെ ഏതെല്ലാം പേരിൽ അറിയപ്പെടുന്നുണ്ട്? [1]

d. കുഞ്ചൻനമ്പ്യാർ ഏതുകവിത്രയത്തിൽ ഉൾപ്പെട്ട കവിയാണ്? [2]

**പ്രവർത്തനം-2**

a. 'മണ്ണിന്റെ കിനാവുകൾ' എന്ന കവിതയിലൂടെ നമ്മൾ പരിചയപ്പെട്ടത് പ്രകൃതിയുടെ സൗന്ദര്യമാണ്. പ്രകൃതിസൗന്ദര്യത്തിനെക്കുറിച്ച് വർണ്ണന തയ്യാറാക്കൂ. [4]

b. "സന്ധ്യനെഞ്ചത്തെടുത്തു ലാളിച്ചതിൻ
ചന്തമാകെപ്പകർന്ന ജമന്തികൾ"
സന്ധ്യ ജമന്തികൾക്ക് എന്താണ് പകർന്ന് നൽകുന്നത്? [1]

**പ്രവർത്തനം-3**

a) സംഭാഷണം തയ്യാറാക്കുക [4]
'കാട്ടിലെ മഴ' എന്ന അനുഭവക്കുറിപ്പിലൂടെ ഡെയ്സിച്ചെടിയേയും വാനമ്പാടിയേയും നിങ്ങൾ പരിചയപ്പെട്ടല്ലോ. അവർ തമ്മിൽ നടന്ന സംഭാഷണം എഴുതി നോക്കൂ.

b) കടങ്കഥയ്ക്ക് ഉത്തരം എഴുതൂ. [1]
ആനകേറാമലേലാളുകേറാമലേ
ലായിരം കാന്താരി പൂത്തിറങ്ങി
ഉത്തരം പറയൂ.

[P.T.O]

https://studymatequestionbank.blogspot.com/

**പ്രവർത്തനം-4**

പിക്‌ലുവിന്റെ കഥാപാത്രനിരൂപണം തയ്യാറാക്കൂ.

**സൂചകങ്ങൾ**

* പ്രകൃതിസ്നേഹം
* കിളികളുടെ ശബ്ദത്തോട് സ്നേഹം
* പക്ഷികളെ കൂട്ടിൽ അടയ്ക്കുന്നതിന് എതിർപ്പ് [5]

**പ്രവർത്തനം-5**

a) **ശബ്ദഭംഗി കണ്ടെത്തി എഴുതുക.**

മദ്ദളം കൊട്ടുന്ന വിദ്വാൻ കഴുത്തിലാ-
മദ്ദളമിട്ടുകൊണ്ടങ്ങനെ നിൽക്കുന്നു.
പറ്റുവിളക്കും കുഴൽക്കാരനന്നേരം
തെറ്റെന്നു കാലും കവച്ചുനിന്നീടുന്നു [2]

b) 'നിത്യവും' എന്ന പദം പിരിച്ചെഴുതൂ [1]

c) **ഉൾച്ചേർന്ന പദങ്ങൾ ചേർത്ത് ഒറ്റപ്പദമാക്കൂ.**

i) മഴ + ഇരമ്പം → മഴയിരമ്പം

ii) തല + ഉയർത്തി → ............... [1]

d) **വാക്യഘടന ശരിയാക്കൂ**

കഥകൾ, ഏറെ താൽപര്യമാണ്. മുത്തച്ഛനും പറഞ്ഞുതരാൻ [1]

**പ്രവർത്തനം-6**

നിങ്ങളുടെ വിദ്യാലയത്തിൽ മെയ് 5-ന് കുഞ്ചൻദിനം ആചരിക്കാൻ തീരുമാനിച്ചു. തുള്ളൽ, അക്ഷരശ്ലോകം, ചിത്രരചന, നൃത്തം തുടങ്ങിയ ധാരാളം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. അതിനാവശ്യമായ ഒരു പോസ്റ്റർ ഉണ്ടാക്കൂ. [5]

STUDY MATE QUESTION BANK

https://studymatequestionbank.blogspot.com/